## ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി – 2023
## ഓൺലൈൻ പ്രവേശന പരീക്ഷ
## വിദ്യാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

2023-24 അധ്യയന വർഷത്തെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷ **06.08.2023** തീയതി നടത്താൻ നിശ്ചയിച്ചിരിക്കുകയാണ്. പ്രവേശന പരീക്ഷയ്ക്ക് ഓൺലൈനായി അപേക്ഷ സമർപ്പിച്ച എല്ലാ വിദ്യാർത്ഥികളും അവരവരുടെ Candidate portal ലോഗിൻചെയ്ത് ആപ്ലിക്കേഷൻ നമ്പരും, പാസ്‌വേഡും നൽകി അഡ്മിറ്റ് കാർഡ് ഡൗൺലോർഡ് ചെയ്തെടുക്കേണ്ടതാണ്.

### പ്രവേശന പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

- പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുത്തിട്ടുള്ള അഡ്മിറ്റ് കാർഡിൽ സൂചിപ്പിച്ചിരിക്കുന്ന സമയത്ത് അഡ്മിറ്റ് കാർഡുമായി പരീക്ഷാ ദിവസം വിദ്യാർത്ഥികൾ പരീക്ഷാ കേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.
- റിപ്പോർട്ടിംഗ് അവസാനിച്ച ഹാളിൽ പ്രവേശിച്ച നിർദ്ദിഷ്ട കമ്പ്യൂട്ടറിൽ ലോഗിൻ ചെയ്തു കഴിഞ്ഞാൽ, കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷാ രീതി പരിചയപ്പെടുത്തുന്ന പൊതു നിർദ്ദേശങ്ങൾ കമ്പ്യൂട്ടർ സ്ക്രീനിൽ ദൃശ്യമാകുന്നു. തുടർന്ന് ഹ്രസ്വമായ ഒരു Mock Test ലൂടെ ഉത്തരങ്ങൾ രേഖപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട ക്രിയകളും രീതികളും പ്രായോഗികമായി മനസ്സിലാക്കുവാൻ അവസരം ലഭിക്കുന്നു.
- തുടർന്ന് കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷ നടക്കും.
- ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി കോഴ്സ് പ്രവേശനത്തിനുള്ള കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷ രണ്ട് മണിക്കൂർ ദൈർഘ്യമുള്ളതും 200 മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങളും ഉണ്ടാകും.
- കമ്പ്യൂട്ടറിൽ ലോഗിൻ ചെയ്യുന്നതിനായി റിപ്പോർട്ടിംഗ് പോയിന്റിൽ നിന്നും വിതരണം ചെയ്യുന്ന 'Access card' ൽ വിദ്യാർത്ഥികളുടെ സീറ്റ് നമ്പർ, യൂസർ നെയിം, പാസ്‌വേഡ് എന്നിവ അടങ്ങിയിരിക്കും.
- പരീക്ഷയ്ക്കെത്തുന്ന വിദ്യാർത്ഥികൾ അഡ്മിറ്റ് കാർഡിനു പുറമെ, ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ (ആധാർ/വോട്ടർ ഐഡി/ഡ്രൈവിംഗ് ലൈസൻസ്/പാൻ കാർഡ് എന്നിവയിലേതെങ്കിലും) കൂടി കരുതേണ്ടതാണ്.
- കാൽക്കുലേറ്റർ, മൊബൈൽ ഫോൺ, സ്മാർട്ട് വാച്ച് തുടങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങൾ കൈവശം വയ്ക്കാൻ പാടില്ല. പരീക്ഷാ കേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്തു കഴിഞ്ഞാൽ പ്രവേശന പരീക്ഷാ അവസാനിക്കുന്നതിന് മുമ്പ് വിദ്യാർത്ഥകളെ പുറത്തു പോകാൻ അനുവദിക്കുന്നതല്ല.
- രക്ഷിതാക്കൾ ഓൺലൈൻ പരീക്ഷ നടക്കുന്ന കെട്ടിടത്തിലേയ്ക്ക് പ്രവേശിക്കാൻ പാടുള്ളതല്ല.
- വിദ്യാർത്ഥികൾ ആവശ്യം വേണ്ട സാമഗ്രികൾ (പേന,പെൻസിൽ) എന്നിവ കൈയ്യിൽ കരുതേണ്ടതും അവ കൈമാറ്റം ചെയ്യാൻ പാടില്ലാത്തതുമാണ്.
- ഇൻവിജിലേറ്റർമാരുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.
- പരീക്ഷാ ഹാളിൽ പ്രവേശിക്കുന്ന വിദ്യാർത്ഥികൾ പരീക്ഷയ്ക്കായി അനുവദിച്ചിരിക്കുന്ന ഇരിപ്പടത്തിൽ മാത്രമേ ഇരിക്കാൻ പാടുള്ളൂ.
- വിദ്യാർത്ഥികൾ പരീക്ഷയ്ക്കായി അഡ്മിറ്റ് കാർഡിൽ സൂചിപ്പിച്ച റിപ്പോർട്ടിംഗ് സമയത്തു തന്നെ കേന്ദ്രത്തിൽ ഹാജരാകേണ്ടതാണ്.
- പരീക്ഷാ സംബന്ധമായ മാർഗ്ഗനിർദ്ദേശങ്ങൾവെബ്സൈറ്റിലുള്ളത്ശ്രദ്ധിക്കുക.